# പതിനാലാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3985** **16.05.2017 ൽ മറുപടിയ്ക്ക്**

## ഫോർ ദി പീപ്പിൾ പോർട്ടലിന്റെ സേവനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. അനിൽ അക്കര<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ. ഷാഫി പറമ്പിൽ | | ഡോ.കെ.ടി ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ അഴിമതികളും അവരുടെ വീഴ്ചകളും സംബന്ധിച്ച പരാതിപ്പെടാൻ എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്നു വിശദമാക്കുമോ; | എ) | തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള വിവിധ വകുപ്പുകളിലെ സ്വജനപക്ഷപാതം, അഴിമതി, സേവനങ്ങൾ നൽകുന്നതിലെ കാലതാമസം, കെടുകാര്യസ്ഥത എന്നിവ സംബന്ധിച്ച് പൊതുജനങ്ങൾക്ക് പരാതികളും നിർദ്ദേശങ്ങളും നൽകുന്നതിന് ഓൺലൈനായി ഒരു പരാതി പരിഹാര സംവിധാനം എന്ന നിലയിൽ ഫോർ ദി പീപ്പിൾ പദ്ധതി ആരംഭിച്ചിട്ടുണ്ട്. പരാതികളും നിർദ്ദേശങ്ങളും സമർപ്പിക്കാനും ആവശ്യമെങ്കിൽ ആയതുമായി ബന്ധപ്പെട്ട ഫോട്ടോ, വീഡിയോ എന്നിവ ചേർക്കാനും കഴിയും. ഇതിലൂടെ തദ്ദേശ സ്ഥാപനങ്ങൾക്കെതിരായ പരാതി ഒരു പരിധിവരെ ഇല്ലാതാക്കുന്നതിനും കാര്യക്ഷമത ഉയർത്തുന്നതിനും, സുതാര്യത ഉറപ്പുവരുത്തുന്നതിനും കഴിയുന്നതാണ്. |
| ബി) | ഇതിനായി ഫോർ ദി പീപ്പിൾ പോർട്ടലിന്റെ സേവനം തദ്ദേശസ്വയം ഭരണ വകുപ്പിൽ ആരംഭിച്ചിട്ടുണ്ടോ; വിവരിക്കുമോ; | ബി) | ഉണ്ട്.<br>പൊതുജനങ്ങൾക്ക് ഓൺലൈനായി / മൊബൈൽ ആപ്ലിക്കേഷൻ വഴി ഏതൊരു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന സേവനങ്ങളെക്കുറിച്ചും അഴിമതിയെക്കുറിച്ചും പരാതികളും |

| | | | |
|---|---|---|---|
| | | | നിർദ്ദേശങ്ങളും സമർപ്പിക്കാനും ആവശ്യമെങ്കിൽ ആയതുമായി ബന്ധപ്പെട്ട ഫോട്ടോ, വീഡിയോ എന്നിവ ചേർക്കാനും കഴിയും. അഴിമതിയുമായി ബന്ധപ്പെട്ടതൊഴികെയുള്ളവ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നോഡൽ ഓഫീസർക്ക് ലഭിക്കും. ഏഴ് ദിവസത്തിനകം പരിഹരിക്കാത്ത പരാതികൾ മേലുദ്യോഗസ്ഥന്റെ ലോഗിനിലേയ്ക്ക് പോകുന്നതും ഇതിലൂടെ പരാതി വളരെ വേഗത്തിൽ പരിഹരിക്കപ്പെടുകയും ചെയ്യുന്നു. പഞ്ചായത്ത് വകുപ്പ്, നഗരകാര്യ വകുപ്പ്, റൂറൽ ഡവലപ്മെന്റ് വകുപ്പ്, ടൌൺ ആൻഡ് കൺട്രി പ്ലാനിംഗ് വകുപ്പ് എന്നിവയാണ് ഇതിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കുടുംബശ്രീ, ശുചിത്വമിഷൻ, പി.എം.ജി.എസ്.വൈ, കേരള സ്റ്റേറ്റ് റൂറൽ റോഡ്സ് ഡവലപ്മെന്റ് ഏജൻസി എന്നിവയെ കൂടെ ഇതിന്റെ പരിധിയിൽ കൊണ്ടുവരാൻ തീരുമാനിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ ഓഫീസിലും മറ്റ് ഉയർന്ന ഉദ്യോഗസ്ഥർക്കും നടപടിക്രമങ്ങളുടെ പുരോഗതി നേരിട്ട് വിലയിരുത്താനാകും. |
| സി) | ഈ പോർട്ടലിൽ ഇതുവരെ എത്ര പരാതികൾ കിട്ടിയെന്നും അവയിൽ എത്രയെണ്ണത്തിന് പരിഹാരം കണ്ടു എന്നും വിശദമാക്കുമോ; | സി) | ഫോർ ദി പീപ്പിൾ പോർട്ടലിൽ 10.05.2017 വരെ 371 പരാതികൾ ലഭിച്ചിട്ടുണ്ട്. ആയതിൽ 291 എണ്ണം പരിഹരിച്ചിട്ടുണ്ട്. |
| ഡി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളെ സംബന്ധിക്കുന്ന പരാതികൾ ഈ പോർട്ടൽ വഴി നൽകുവാൻ അവസരം ഒരുക്കുമോ? | ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ